970

രീതി: പരിശുദ്ധാത്മാവേ ശക്തി

യേശു മഹേശൻ താൻ വാനവിതാനത്തിൽ
വന്നിടുവാനിതാ സമയമായ് പ്രിയരേ ഒരുങ്ങിടാം നാം വേഗം

1 കരുതലോടിനി നാം കാത്തിരിക്കാം കരുണയിൻ സമ്പന്നനായവനെ
കരങ്ങളാൽ നടത്തിയ കൃപയോർക്കാം കണ്ണുനീർ തൂകിടാം-

2 ലൗകിക സുഖങ്ങൾ വിട്ടോടാം ലോകത്തിൻ ലാഭങ്ങൾ വെറുത്തിടാം
യോസേഫിൻ ധീരത കാട്ടിടാം മിര്യാമിൻ ഗാനം പാടാം-

3 മറന്നിടാം മിസ്രയിമിൻ ചൂളകളെ പിറുപിറുപ്പൊക്കെയകറ്റിടാം
സ്നേഹത്തിൻ കൊടിക്കീഴിലണിനിരക്കാം ഒന്നായി മുന്നേറാം-

4 ചെങ്കടൽ രണ്ടായ് പിളർന്നിടും പുതുവഴി മുന്നിൽ തുറന്നിടും
വൈരികളെല്ലാമമർന്നിടും വിജയം നാം നേടും- **W.P.G.**